**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3882** **03-03-2023 - ൽ മറുപടിയ്ക്ക്**

**വ്യവസായ, ടൂറിസം മേഖലയ്ക്ക് പ്രത്യേക പോലീസ് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കുറ്റകൃത്യങ്ങളിൽ ഡിജിറ്റൽ ഉപകരണങ്ങളുടെ ഉപയോഗം വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിലുള്ള ഉപകരണങ്ങൾ ഉപയോഗിക്കുന്നത് കണ്ടുപിടിക്കുന്നതിന് പര്യാപ്തമായ പ്രത്യേക സേനയെ ആവശ്യമെങ്കിൽ യോഗ്യതയിൽ ഭേദഗതി വരുത്തി രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡിജിറ്റൽ മേഖലയിൽ വർദ്ധിച്ചു വരുന്ന കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേകമായി സൈബർ ഓപ്പറേഷൻ വിംഗ്, സൈബർ ഇൻവെസ്റ്റിഗേഷൻ റിസർച്ച് ഡിവിഷൻ എന്നിവ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു. ഇതിനായി ഈ രംഗത്ത് വൈദഗ്ധ്യമുള്ളവരെയും,പ്രവർത്തിക്കാൻ താൽപര്യമുള്ളവരെയും ഉൾപ്പെടുത്തി പ്രത്യേക പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പോലീസ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നതിന് ഒരു ' DEDICATED ARTIFICAL INTELLIGENCE TEAM' രൂപീകരിച്ചിട്ടുണ്ട്. ഇതിനായി നിലവിൽ ഉള്ള പോലീസ് സേനാംഗങ്ങളിൽ മതിയായ യോഗ്യത ഉള്ളവരെയാണ് നിയമിച്ചിട്ടുള്ളത്. |
| (ബി) | ക്രമസമാധാനപാലനത്തിനുള്ള പോലീസ് സേനയുടെ അംഗബലം നിലനിർത്തി വ്യവസായ സ്ഥാപന സുരക്ഷിതത്വത്തിനും ടൂറിസം മേഖലയുടെ സംരക്ഷണത്തിനും പ്രത്യേക വിഭാഗത്തെ അധികമായി രൂപീകരിക്കുവാൻ കഴിയുമോയെന്നും ഇത്തരത്തിൽ രൂപീകരിക്കുന്ന വിഭാഗത്തിൽ നിന്ന് സ്വകാര്യ സ്ഥാപനങ്ങളുടെ സുരക്ഷിതത്വത്തിനടക്കം നിശ്ചിത ഫീസ് ഈടാക്കി സേവനം നൽകുവാൻ കഴിയുമോയെന്നും പരിശോധിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | ക്രമസമാധാന പാലനത്തിനുള്ള സേനയുടെ അംഗബലം നിലനിർത്തിക്കൊണ്ട് വ്യവസായ സ്ഥാപനങ്ങൾക്ക് സുരക്ഷ നൽകുന്നതിനായി സംസ്ഥാന വ്യവസായ സുരക്ഷാസേന (SISF) എന്ന പ്രത്യേക സേന രൂപീകരിച്ചിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങൾക്ക് സുരക്ഷ നൽകാൻ ആവശ്യമായ അംഗബലം SISF-ൽ സൃഷ്ടിക്കുകയും അതിലേക്ക് പോലീസ് ബറ്റാലിയനുകളിൽ നിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തുകയുമാണ് ചെയ്യുന്നത്. തന്മൂലം ബറ്റാലിയനുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ റെഗുലർ, റിക്രൂട്ട്മെന്റിലൂടെ നികത്തുന്നതിനാൽ ക്രമസമാധാന പാലനത്തിനുള്ള സേനയുടെ അംഗബലം കുറയുന്നില്ല. സ്വകാര്യമേഖലയിൽ നിന്നടക്കം SISF-ന്റെ സേവനം സ്വീകരിക്കുന്ന സ്ഥാപനങ്ങളെല്ലാം |

| | | | |
|---|---|---|---|
| | | | കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫീസ് ഒടുക്കുവാൻ ബാദ്ധ്യസ്ഥരാണ്. |

സെക്ഷൻ ഓഫീസർ